വിശദീകരണക്കുറിപ്പ്

ജേർണലിസ്റ്റ് പെൻഷൻ പദ്ധതിയിൽ വിവധ കാരണങ്ങളാൽ അംശദായം മുടങ്ങിയവരുടെ അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുന്നതിനു വേണ്ടി വകുപ്പ് 2024 അവസാനം മൂന്ന് ജില്ലകളിൽ അദാലത്തുകൾ നടത്തിയിരുന്നു. എന്നാൽ 2024 നവംബർ 30ന് ബഹു മുഖ്യമന്ത്രി അധ്യക്ഷനായി ചേർന്ന ജേർണലിസ്റ്റ് പെൻഷൻ മാനേജിങ് കമ്മിറ്റി അദാലത്തുകൾ നടത്തി തീരുമാനങ്ങൾ എടുക്കുന്നതിലെ കാലതാമസം പരിഗണിച്ച്, വിവിധ കാരണങ്ങളാൽ അംശദായ അടവ് മുടങ്ങിയവർക്ക് ഒറ്റ തവണയിലൂടെ, കുടിശ്ശിക തുക പിഴയോടെ അടയ്ക്കുവാൻ അവസരം നല്കാൻ തീരുമാനിച്ചിരുന്നു .

30-11-2024-ലെ പത്രപ്രവർത്തക പെൻഷൻ മാനേജിങ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിവിധ കാരണങ്ങളാൽ അംഗത്വം റദ്ദായവരുടെ അംഗത്വം പുനഃസ്ഥാപിച്ച് നൽകുന്നതിനായി പുറപ്പെടുവിച്ച 12.02.2025-ലെ GO (Rt) No. 13/2025/IPRD നമ്പർ ഉത്തരവ് സംബന്ധിച്ച് ചുവടെ നൽകിയിട്ടുള്ള വിശദീകരണങ്ങൾ ജില്ലാ ഇൻഫർമേഷൻ / റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാരുടെ കാര്യാലയങ്ങളിൽ അംശദായം സ്വീകരിക്കുന്ന വേളയിൽ ശ്രദ്ധിക്കേണ്ടതാണ്.

1. അംശദായ അടവ് മുടങ്ങിയത് കാരണം അംഗത്വം നഷ്ടപ്പെട്ടവരിൽ, മൂന്ന് തവണയിൽ കൂടുതൽ അടവ് മുടക്കം വന്നവർ നിലവിലെ പെൻഷൻ വ്യവസ്ഥ പ്രകാരം പൂർണമായും പദ്ധതിയിൽ നിന്ന് പുറത്താവുകയാണ്. അതിനാൽ, മേൽ പരാമർശിച്ചിട്ടുള്ള ഉത്തരവ് പ്രകാരം ഇവരുടെ അപേക്ഷ പരിഗണിക്കേണ്ടതില്ല. ഇവർ, അതാത് ജില്ലാ ഇൻഫർമേഷൻ / റീജ്യണൽ ഡെപ്യൂട്ടി ഡയറക്ടർ കാര്യാലയങ്ങൾ വഴി സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

2. പദ്ധതിയിൽ അംഗത്വം ലഭിക്കുകയും, ഒറ്റ തവണ പോലും അംശദായം അടയ്ക്കാതെ വിരമിക്കുകയും ചെയ്തവർക്ക് മേൽ പരാമർശിച്ചിട്ടുള്ള ഉത്തരവ് ബാധകമല്ല. ഇവർ, ജില്ലാ ഇൻഫർമേഷൻ / റീജ്യണൽ ഡെപ്യൂട്ടി ഡയറക്ടർ കാര്യാലയങ്ങൾ വഴി സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

JAYAKUMAR S

ഡെപ്യൂട്ടി ഡയറക്ടർ